GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/07/2026

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തത്തിൽ സ്വരാജ് ഓഡിറ്റോറിയത്തിൽ വെച്ച് ഇന്ന് (29/07/2026 ബുധൻ) രാവിലെ 10 മണിക്ക് **"ആത്മ 2026–27"** ഫീൽഡ് ഡേ സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് കാർഷിക സെമിനാർ, കാർഷിക പ്രദർശനവും വിപണന മേളയും, കാർഷിക ക്വിസ്, കർഷക ശാസ്ത്രജ്ഞ മുഖാമുഖം എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

2. **"കേര പദ്ധതി"** ഫേസ് ബുക്ക് ലൈവിലൂടെ - ഇന്ന് (29/07/2026) രാവിലെ 11 മണിക്ക് **"വിള ഇൻഷുറൻസ്"** പദ്ധതി എന്ന വിഷയത്തിൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ അശ്വതി ദേവ് ഫേസ് ബുക്ക് ലൈവിലൂടെ ക്ലാസ്സ്നയിക്കുന്നു.

https://www.facebook.com/profile.php?id=61585550147783എന്ന ലിങ്ക് വഴി ലൈവിൽ പങ്കെടുക്കാം.

3. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി കോലഞ്ചേരി പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത് പരിധിയിലെ മികച്ച കർഷകരെ ആദരിക്കുന്നതിനായി പുത്തൻകുരിശ് കൃഷിഭവൻ അപേക്ഷകളും നാമനിർദേശങ്ങളും ക്ഷണിച്ചു. വിവിധ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. താൽപ്പര്യമുള്ള കർഷകർ കൃഷിഭവനിൽ നിന്ന് ലഭിക്കുന്ന അപേക്ഷാ ഫോറത്തിലോ, വെള്ളക്കടലാസിലോ തയ്യാറാക്കിയ അപേക്ഷകൾ ജൂലൈ 31 നകം കൃഷി ഭവനിൽ സമർപ്പിക്കണം.

4. കോട്ടയം ജില്ലയിലെ റബ്ബർബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ. ആർ.റ്റി.) നടത്തുന്ന വിവിധ നൈപുണ്യവികസന കോഴ്സുകളെക്കുറിച്ചും അവയുടെ ജോലി സംബന്ധമായ സാധ്യതകളെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് എൻ.ഐ.ആർ.റ്റി. - യിലെ ഡെപ്യൂട്ടി ഡയറക്ടർ (ആർ.ഐ.ഡി.റ്റി.) പ്രദീപ് കുമാർ പി. ജോയ് ഇന്ന് ( ജൂലൈ 29) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ 0481-2576622 എന്ന കോൾസെന്റർ നമ്പറിലൂടെ മറുപടി നൽകുന്നു.

5. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി കിളിമാനൂർ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തും പഴയകുന്നുമ്മേൽ കൃഷിഭവനും സംയുക്തമായി മികച്ച കർഷകരെ ആദരിക്കുന്നു. മികച്ച നെൽകർഷകൻ, മികച്ച കേരകർഷകൻ, മികച്ച വാഴ കർഷകൻ, യുവകർഷകൻ, മികച്ച പച്ചക്കറി കർഷകൻ, മികച്ച വിദ്യാർത്ഥി, മികച്ച പുഷ്പകൃഷി കർഷകൻ , മികച്ച സമ്മിശ്രകർഷകൻ, മികച്ച ക്ഷീരകർഷകൻ, മികച്ച തേനീച്ച കർഷകൻ, മികച്ച വനിത കർഷക, മുതിർന്ന കർഷകൻ, മികച്ച എസ്സി/ എസ്ടി കർഷകൻ, കർഷകത്തൊഴിലാളി, കുരുമുളക് കൃഷി എന്നീ വിഭാഗങ്ങളിലാണ് കർഷകരെ ആദരിക്കുന്നത്. അപേക്ഷകൾ ആഗസ്റ്റ് 6 നകം പഴയകുന്നുമ്മേൽ കൃഷി ഭവനിൽ സമർപ്പിക്കണം.

6. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **“സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം”** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് 2026 ആഗസ്റ്റ് 17 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സില് രജിസ്റ്റർ ചെയ്യാം. ആഗസ്റ്റ് 27 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. രജിസ്റ്റർ

ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് ആഗസ്റ്റ് 17 മുതൽ യൂസർ ഐ. ഡി. യും. പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 0487-2438566 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

7. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി എറണാകുളം കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് പരിധിയിലെ മികച്ച കർഷകരെ ആദരിക്കുന്നതിനായി കിഴക്കമ്പലം കൃഷിഭവൻ അപേക്ഷകളും നാമനിർദേശങ്ങളും ക്ഷണിച്ചു. വിവിധ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. താൽപ്പര്യമുള്ള കർഷകർ കൃഷിഭവനിൽ നിന്ന് ലഭിക്കുന്ന അപേക്ഷാ ഫോറത്തിൽ അപേക്ഷകൾ ഓഗസ്റ്റ് 3 നകം കൃഷി ഭവനിൽ സമർപ്പിക്കണം.